Prot No: 2666/2018/S/ABP **Order No: 1838/2018 Circular C-11** Date: 11/Sep/2018

## സർക്കുലർ

# പ്രളയ ദുരിതബാധിതരെ സഹായിക്കുക

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

1. 1924നുശേഷം കേരളം കണ്ട ഏറ്റവും വലിയ പ്രളയദുരന്തം 2018 ആഗസ്റ്റ് മാസത്തിലാണ് ഉണ്ടായത്. അതിന്റെ ഫലമായുണ്ടായ മഴക്കെടുതിയും ജലപ്രളയവും ഉരുൾപ്പൊട്ടലും രോഗങ്ങളും കേരളജനതയ്ക്കു വരുത്തിയ നാശനഷ്ടങ്ങൾ വളരെ വലുതാണ്. കേരളത്തിന്റെ അതിജീവനത്തിന സർക്കാരിനോടും മറ്റു സന്നദ്ധസംഘടനകളോടും ചേർന്ന് ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ ആഹ്വാനം ചെയ്യാനാണ് ഞാൻ ഈ സർക്കുലർ എഴുതുന്നത്.

2. മഴക്കെടുതിയിൽ ദുരിതാശ്വാസത്തിന കേരള കത്തോലിക്കാസഭ ആത്മാർത്ഥമായി മുൻനിരയിൽ ഉണ്ടായിരുന്നു എന്നത് നമുക്ക് അഭിമാനത്തോടെ പറയാവുന്ന കാര്യമാണ്. നമ്മുടെ അതിരൂപതയിൽ നിന്നും ദുരിതാശ്വാസത്തിനായി ഭക്ഷ്യവസ്തുക്കളും അവശ്യസാധനങ്ങളും വയനാട്ടിലേക്കും, കുട്ടനാട്ടിലേക്കും പാലക്കാട്ടേക്കും കൊണ്ടുപോകുകയുണ്ടായി. ആഗസ്റ്റ് 15 മുതൽ തൃശ്ശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വളരെപ്പെട്ടെന്ന് വെള്ളം പൊങ്ങിയപ്പോൾ ഏകദേശം മൂന്നു ലക്ഷത്തോളം ആളുകൾ (എല്ലാ മതസ്ഥരും ഉൾപ്പെടെ) നമ്മുടെ അതിരൂപതാതിർത്തിയിൽത്തന്നെ പ്രളയക്കെടുതിയിലകപ്പെട്ടു. അതിൽ ഒന്നരലക്ഷത്തോളം പേർ വിവിധ ക്യാമ്പുകളിൽ താമസിക്കേണ്ടി വന്നു. സംലഭ്യമായ കണക്കനുസരിച്ച് തൃശ്ശൂർ അതിരൂപതയിലെ 140-ഓളം ഇടവകകളെ പ്രളയം ബാധിച്ചു. കത്തോലിക്കാസഭയുടെ സ്ഥാപനങ്ങളിൽ 90-ഓളം ക്യാമ്പുകൾ പ്രവർത്തിക്കുകയുണ്ടായി. അമ്പതിലധികം ദുരിതാശ്വാസ ക്യാമ്പുകളിൽ ഞാൻ സന്ദർശനം നടത്തിയപ്പോൾ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ ഓടിയെത്തിയ അതിരൂപതയിലെ വൈദികരെയും സന്യസ്തരെയും അത്മായരെയും പ്രത്യേകിച്ച് യുവജനങ്ങളെയും കാണുവാൻ സാധിച്ചു. വളരെ ജാഗ്രതയോടെ ആത്മാർത്ഥമായി പ്രവർത്തിച്ച അവരെയെല്ലാം ഹൃദയത്തിന്റെ ഭാഷയിൽ അഭിനന്ദിക്കുവാനും അവരോട് നന്ദി പറയുവാനും ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

3. നമ്മുടെ അതിരൂപതയിലെ പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നാം നൽകിയിട്ടുള്ള പേര് **"സേവ് തൃശ്ശൂർ"** (SAVE THRISSUR) എന്നാണ്. 3 ഘട്ടങ്ങളായിട്ടാണ് ദുരിതാശ്വാസപ്രവർത്തനങ്ങൾ നാം നടത്തികൊണ്ടിരിക്കുന്നത്.

**ഒന്നാംഘട്ടം** പ്രളയകാലത്ത് നാം ചെയ്തവയാണ്. താഴെ പറയുന്ന കാര്യങ്ങൾക്കാണ് നാം ഊന്നൽ കൊടുത്തത്.

a) പ്രളയബാധിതരായിട്ടുള്ളവരെ രക്ഷിക്കുകയും ക്യാമ്പിലെത്തിക്കുകയും ചെയ്യുക.

b) ക്യാമ്പുകളിൽ ആവശ്യമായ ഭക്ഷണം, വസ്ത്രം, മരുന്നുകൾ മുതലായവ ഏകദേശം 141 ക്യാമ്പുകളിൽ സാന്ത്വനം വഴിയും മറ്റു ക്യാമ്പുകളിൽ ഇടവകക്കാരുടെ നേതൃത്വത്തിലും എത്തിക്കുകയുണ്ടായി.

c) ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് തിരിച്ചു പോകുമ്പോൾ കുടുംബങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ ഉൾപ്പെടുന്ന ഏകദേശം 4000 രൂപ വരുന്ന 5000ലധികം ആശ്വാസ കിറ്റുകളും വസ്ത്രങ്ങൾ തുടങ്ങിയ സാധനങ്ങൾ ഉൾപ്പെടെ 2250 മറ്റ് കിറ്റുകളും അതിരൂപതയിൽ നിന്ന് ഇടവകകൾ വഴി, ജാതിമതഭേദമെന്യേ പലർക്കായി നൽകുകയുണ്ടായി. ഇതുപോലുള്ള ആശ്വാസകിറ്റുകൾ പല ഇടവകകളും ഇടവകാതിർത്തിയിലുള്ളവർക്കും ചാലക്കുടി, മാള പ്രദേശങ്ങളിലുള്ളവർക്കും കുട്ടനാട് പ്രദേശങ്ങൾക്കും കൊടുക്കുകയുണ്ടായി.

d) പ്രളയജലം ഇറങ്ങി തുടങ്ങിയപ്പോൾ മുതൽ രൂപതയ്ക്കകത്തും പുറത്തുമുള്ള മലീമസങ്ങളായി തീർന്ന വീടുകളും പള്ളികളും ഡിവൈൻ ധ്യാനകേന്ദ്രം, ക്രിസ്റ്റീന ഹോം തുടങ്ങിയ സ്ഥാപനങ്ങളും വൃത്തിയാക്കാൻ നമ്മുടെ അതിരൂപതയിലെ യുവജനങ്ങളും അതോടൊപ്പം സന്യസ്തരും വൈദികരും അത്മായനേതാക്കളും ചെയ്ത വലിയ സേവനത്തെ നന്ദിയോടെയാണ് ഓർക്കുന്നത്.

**രണ്ടാംഘട്ടം:** സേവ് തൃശ്ശൂരിന്റെ രണ്ടാം ഘട്ടം പ്രളയദുരന്തത്തിന ശേഷം കെടുതികൾ ബാധിച്ച വ്യക്തികൾക്കും കുടുംബങ്ങൾക്കും ഏറ്റവും അത്യാവശ്യസഹായങ്ങൾ നൽകുക എന്നതാണ്. എലിപ്പനിപോലെയുള്ള പകർച്ചവ്യാധികൾ ബാധിച്ചവർ, ഉറ്റവരെ നഷ്ടപ്പെട്ടവർ, ഉടുവസ്ത്രങ്ങളും ഗൃഹോപകരണങ്ങളും പാഠപുസ്തകങ്ങളുമടക്കം അവശ്യസാധനങ്ങൾ പലതും നഷ്ടപ്പെട്ടവർ അങ്ങനെ തകർച്ചയിൽ തളർന്നു നില്ക്കുന്നവരുടെ പട്ടിക നീണ്ടുപോകുന്നു. അവരെ ആശ്വസിപ്പിക്കാനുള്ള പദ്ധതിയാണ് "സേവ് തൃശ്ശൂർ". 2018 സെപ്തംബർ 5ന തൃശ്ശൂർ മേയർ ഈ പദ്ധതി ഉദ്ഘാടനം ചെയ്തു. സേവ് തൃശ്ശൂരിൽ താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

a) **മൊബൈൽ ക്ലീനിക് :** അതിരൂപതയിലെ രണ്ട് മെഡിക്കൽ കോളേജുകളടക്കം 11 ആശുപത്രികളുടെ നേതൃത്വത്തിൽ 8 ആംബുലൻസുകളുമായി ഡോക്ടർമാരടക്കമുള്ള ടീം സൗജന്യ മെഡിക്കൽ ചെക്കപ്പും സൗജന്യമരുന്നും നൽകിക്കൊണ്ട് ദിവസം 16 സെന്ററുകളിലായി ഏകദേശം 85 കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു. കൂടാതെ സ്ഥിരമായി 12 ക്ലീനിക്കുകളും അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. മൊബൈൽ ക്ലീനിക്കിലൂടെ തന്നെ ഏകദേശം ഇരുപതിനായിരത്തിലധികം പേർക്ക് പ്രളയബാധിത പ്രദേശങ്ങളിൽ സൗജന്യ ചികിത്സ നാം നൽകുകയുണ്ടായി.

b) **ശുദ്ധീകരണപ്രവർത്തനങ്ങൾ:** പ്രളയത്തിൽ നശിച്ചുപോയ കിണറുകളുടെ ശുദ്ധീകരണത്തിനായി നമ്മുടെ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ചും ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, സെന്റ് മേരീസ് കോളേജ് എന്നിവയുടെ, നേതൃത്വത്തിൽ വളരെയേറെ സ്ഥലങ്ങളിൽ കിണറുകളുടെ വാട്ടർ ടെസ്റ്റിംഗ് നടത്തുകയുണ്ടായി.

**c) Psycho-Social Intervention:** പ്രളയക്കെടുതിയിൽ മാനസിക സംഘർഷത്തിലായിരിക്കുന്നവരെ (Post Traumatic Stress Disorder - PTST) സഹായിക്കുന്നതിന

വേണ്ട ബൃഹത്തായ പദ്ധതിയാണ് അതിരൂപത ആവിഷ്കരിച്ചിരിക്കുന്നത്. നിരാശയിലായിരിക്കുന്നവർക്ക് പ്രത്യാശ നൽകുന്നതിനുവേണ്ടി സി. ആർ. ഐ. യുടെ നേതൃത്വത്തിൽ ബഹു. സിസ്റ്റേഴ്സിനെ വേലൂരിലെ FATRIയുടെയും പൊതുവായി ജൂബിലി മിഷൻ ആശുപത്രിയുടെയും നേതൃത്വത്തിൽ ഒരുക്കുകയുണ്ടായി. ബഹു. സിസ്റ്റേഴ്സ് തന്നെ 200ലധികം പേർ ഇപ്പോൾ വിവിധ ഇടവക കേന്ദ്രമാക്കി പ്രളയബാധിത വീടുകൾ സന്ദർശിച്ച് ഇപ്പോൾ ആശ്വാസം നൽകികൊണ്ടിരിക്കുകയാണ്.

**d) ആരോഗ്യബോധവത്കരണ പരിപാടികൾ (Health Awareness Initiatives):** പ്രളയാനന്തര രോഗങ്ങളെ കുറിച്ചും വീടുകളും പരിസരങ്ങളും ശുചിയാക്കി സൂക്ഷിക്കുന്നതിനെ കുറിച്ചും വരുംതലമുറയെ പ്രതിസന്ധികൾ നേരിടാൻ ഒരുക്കുന്നതിനെ കുറിച്ചും അതിജീവനമാർഗ്ഗങ്ങളെ കുറിച്ചും ബോധവത്കരണ പരിപാടികളും ഇതോടൊപ്പം ആവിഷ്കരിച്ചിട്ടുണ്ട്.

**മൂന്നാം ഘട്ടം:**

**4. പുനരധിവാസം (Rehabilitation):** പ്രളയ അതിജീവനത്തിന്റെ മൂന്നാംഘട്ടം പുനരധിവാസമാണ്. സർക്കാർ സംവിധാനങ്ങളോട് സഹകരിച്ച് നമ്മുടെ കഴിവിന്റെ പരമാവധി പുനരധിവാസപ്രവർത്തനങ്ങൾ നടത്താൻ നാം ആഗ്രഹിക്കുകയാണ്. താഴെ പറയുന്ന പദ്ധതികളാണ് അതിരൂപതവഴി ചെയ്യാൻ നാം പ്രധാനമായും ഉദ്ദേശിക്കുന്നത്.

a) **ഉപജീവനമാർഗ്ഗങ്ങൾക്ക് സഹായിക്കുക.** കൃഷി വീണ്ടും തുടങ്ങുക. ഉപവജീവനമാർഗ്ഗങ്ങളായ വളർത്തുമൃഗങ്ങളെ വാങ്ങിക്കുക, ചെറുകിട തൊഴിൽ സംരഭം, യുവജനങ്ങൾക്ക് തൊഴിൽപരിശീലനം (Skill development) തുടങ്ങിയവയ്ക്ക് സഹായിക്കുക എന്നിവയാണ് ഇക്കാര്യത്തിൽ നാം പ്രധാനമായും ചെയ്യാൻ ഉദ്ദേശിക്കുന്നത്,

b) അതിരൂപതയിലെ പള്ളികളിൽ നിന്ന് ലഭിച്ച കണക്കനുസരിച്ച് നമ്മുടെ ഇടവകാതിർത്തികളിൽ മുഴുവനായും തകർന്ന അറുന്നൂറിലധികം വീടുകളും ഭാഗികമായി തകർന്ന രണ്ടായിരത്തോളം വീടുകളുമാണുള്ളത്. അതിനാൽ സേവ് തൃശ്ശൂരിന്റെ മൂന്നാം ഘട്ടത്തിൽ ഊന്നൽ കൊടുക്കേണ്ടത് പുതിയ വീടുകളുടെ നിർമ്മാണമോ തകർന്ന വീടുകളുടെ പുനരുദ്ധാരണമോ ആണ്.

**5. സാമ്പത്തിക സ്രോതസ്സുകൾ**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നാം നടത്തിയ പ്രാഥമിക സർവ്വേയിൽ നിന്നും മനസ്സിലാക്കുന്നതനുസരിച്ച് നമ്മുടെ അതിരൂപതയിൽ വന്ന നഷ്ടം കണക്കിലെടുക്കുമ്പോൾ കേടുപാടുകൾ തീർക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി അതിരൂപതയിൽത്തന്നെ ഏകദേശം 135 കോടിയുടെ ആവശ്യമുണ്ട്. സർക്കാർ സംവിധാനങ്ങളോട് നാം പൂർണ്ണമായും സഹകരിച്ചുകൊണ്ട്.

പ്രളയക്കെടുതിയിൽ കഴിയുന്നവരെ സഹായിക്കാനായി താഴെ പറയുന്ന ഏതാനും മാർഗ്ഗങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

a) കേരളത്തിൽ അതിവർഷവും പ്രളയവും ആരംഭിച്ച ഉടൻത്തന്നെ 2018 ആഗസ്റ്റ് 15നോ അത് കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ പ്രത്യേക പിരിവ് എടുക്കാൻ ഞാൻ ആഹ്വാനം ചെയ്തിരുന്നു. മേൽപ്പറഞ്ഞ തരത്തിൽ സംഖ്യ പിരിച്ചെടുത്ത് അത് ഇടവകയിലെ ദുരിതാ

ശ്വാസ പ്രവർത്തങ്ങൾക്കായി ഉപയോഗിച്ചവരേയും അതിരൂപതയിലേയ്ക്കും സാന്ത്വനത്തിലേക്കും അയച്ചുതന്നവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

b) മറ്റ് ധനാഗമ മാർഗ്ഗങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നവ താഴെ പറയുന്നവയാണ്.

1. അതിരൂപതയിലെ വൈദികർ അവരുടെ ഒരു മാസത്തെ അലവൻസ് (7000 രൂപയും ഭക്ഷണ അലവൻസ് 3000 രൂപയും കൂട്ടി ആകെ 10,000 രൂപ) ദുരിതാശ്വാസത്തിന നൽകാം എന്ന് സ്വമേധയാ സമ്മതിച്ചിട്ടുണ്ട്.

2. വീട് പണിയുന്നതിന സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീട് നിർമ്മാണത്തിന ആവശ്യമായ പണവും സംഭാവനയായി നൽകുന്നതിന ആഹ്വാനം ചെയ്യുന്നു.

3. Twinning Programme : ഒരു കുടുംബം മറ്റൊരു പ്രളയബാധിത കുടുംബത്തെ സഹായിക്കുക: ഒരു ഇടവക മറ്റൊരു പ്രളയ ബാധിത ഇടവകയെ സഹായിക്കുക. ഒരു വിദ്യാർത്ഥി പ്രളയക്കെടുതിയനുഭവിക്കുന്ന മറ്റൊരു വിദ്യാർത്ഥിയെ സഹായിക്കുക. ഒരു വ്യാപാരി പ്രളയ ദുരിതത്തിൽ അകപ്പെട്ട മറ്റൊരു വ്യാപാരിയെ സഹായിക്കുക തുടങ്ങിയ സഹായ പദ്ധതികൾ നടപ്പിലാക്കാൻ ആഹ്വാനം ചെയ്യുന്നു.

4. ഒരു രൂപാ വിപ്ലവം (സേവ് തൃശ്ശൂർ നിധി): ഇടവകയും സ്ഥാപനവും വഴി അതിരൂപതയുടെ സാന്ത്വനം നൽകുന്ന കുടുക്കയിൽ (ഓരോ കുടുംബവും) ദിവസവും ഒരു രൂപ വച്ച് നിക്ഷേപിച്ച് വർഷത്തിൽ 365 രൂപയെങ്കിലും ശേഖരിച്ച്, അതിരൂപതയിലെ എല്ലാ കുടുംബങ്ങളും സ്ഥാപനങ്ങളും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി സാന്ത്വനത്തെ ഏല്പിക്കുക.

5. സേവ് തൃശ്ശൂരിനായ് ഒരു ദിവസം പദ്ധതി : ഇടവകയിലെ തൊഴിലാളികളെ (ഉദാ.: പ്ലംബർ, ഇലക്ട്രീഷൻ, മേസൻ തുടങ്ങിയവർ) ഒരുമിച്ചു ചേർക്കുകയും ഒരു ദിവസത്തെ അവരുടെ അധ്വാനം സേവ് തൃശ്ശൂർ പദ്ധതിക്കായി സമർപ്പിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

6. 2018ലെ ക്രിസ്തുമസ് കാരുണ്യനിധി കവർ പരിവ് ഈ വർഷം സേവ് തൃശ്ശൂർ പദ്ധതിക്കായി ഉപയോഗിക്കുക. ക്രസ്തുമസ് അവസരത്തിൽ ഏതെങ്കിലും ഒരു ഞായറാഴ്ച ഇടവകയിൽ കാരുണ്യദിനമായി ആചരിക്കുകയും അന്ന് ജനങ്ങളിൽ നിന്ന് ലഭിക്കുന്ന സംഭാവന കാരുണ്യനിധി കവറുകളിൽനിന്നും ലഭിക്കുന്ന സംഭാവനയോട് ചേർത്ത് അതിരൂപത കാര്യാലയത്തിൽ ഏല്പിക്കുകയും ചെയ്യുക.

7. ഓരോ ഇടവകയും പ്രളയ ബാധിതരെ സഹായിക്കാനുള്ള കമ്മറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുകയും വേണം.

**6. തിരുനാളുകൾ ലളിതമാക്കുക:** പ്രളയക്കെടുതിയിൽപ്പെട്ടവരോട് അനുഭാവം പ്രകടിപ്പിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമായി ഒരു വർഷത്തെ (2019 ആഗസ്റ്റ് 15 വരെ) ആഘോഷങ്ങൾ ആർഭാടരഹിതമാക്കുകയും തിരുനാളുകൾ ലളിതമാക്കുകയും ചെയ്ത് (ഉദാ. വെടിക്കെട്ട് ഇല്യുമിനേഷൻ തുടങ്ങിയവ ഒഴിവാക്കുക) ആഘോഷങ്ങൾക്കുള്ള സംഖ്യ ദുരിതാശ്വാസത്തിനായി നൽകുക. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

7. **പ്രകൃതി സംരക്ഷണം:** കേരളത്തിലുണ്ടായ പ്രളയവും വരാൻ പോകുന്നു എന്ന് പ്രവചിക്കപ്പെട്ടിരിക്കുന്ന കടുത്ത വരൾച്ചയും പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത നമ്മെ ഓർമ്മപ്പെടുത്തുന്നു.

8. **റിപ്പോർട്ടിങ്ങ്:** ഓരോ ഇടവകയും സ്ഥാപനവും സംഘടനയും സന്യാസസമൂഹവും ചെയ്യുന്ന പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായി അതിരൂപതയിൽ നിന്ന് നൽകുന്ന ഫോറത്തിൽ പൂരിപ്പിച്ച് ഒക്ടോബറിൽതന്നെ അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കുക. ഫോട്ടോകളും കണക്കുകളും archivestcr@gmail.com എന്നതിലേക്ക് ഇമെയിൽ ചെയ്യുക.

പ്രിയ സഹോദരീസഹോദരന്മാരേ, ദൈവത്തിലേക്ക് തിരിയാനുള്ള ആഹ്വാനം കൂടിയാണ് പ്രളയകെടുതി പോലുള്ള സംഭവങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പ്രകൃതിയെയും മനുഷ്യനെയും സൃഷ്ടിച്ച ദൈവത്തിന്റെ പദ്ധതികൾക്കനുസരിച്ച് നാം പ്രവർത്തിക്കണം. ദൈവത്തിലാശ്രയിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി പരിണമിക്കാതിരിക്കില്ല (റോമ. 8:28).

പ്രളയ ദുരിതമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻ നിങ്ങൾ ചെയ്യുന്ന എല്ലാ സേവനങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു. വേദനയിലായിരുന്ന എലിസബത്തിനെ ആശ്വസിപ്പിക്കാൻ തിടുക്കത്തിൽ ഇറങ്ങിത്തിരിച്ച (ലൂക്ക. 1:39) പരി. അമ്മയുടെ മാധ്യസ്ഥ്യം നിങ്ങൾ ഓരോരുത്തരുടെമേലും ഉണ്ടായിരിക്കട്ടെ. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
**തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത**

1. ഈ സർക്കുലർ 2018 സെപ്റ്റംബർ 23ന് അതിരൂപതയിലെ ഇടവക പള്ളികളിൽ വായിക്കേണ്ടതാണ്.

2. ഇതോടൊപ്പം പൂരിപ്പിക്കുവാനുള്ള സർവേ ഫോം നല്കുന്നു. അത് പൂരിപ്പിച്ച് ഒക്ടോബർ 30നു മുമ്പ് അതിരൂപതാ കാര്യാലയത്തിൽ എല്പിക്കുക.

**N.B.** ജലന്ധർ രൂപതാദ്ധ്യക്ഷനുമായി ബന്ധപ്പെട്ട് സഭയും സഭാനേതൃത്വവും വിശ്വാസ സത്യങ്ങളും ആക്രമിക്കപ്പെടുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ പ്രത്യേക പ്രാർത്ഥനകൾ എല്ലാ പള്ളികളിലും നടത്തേണ്ടതാണ്. **+AT**